ഉദ്യോഗസ്ഥന്മാരുടെ ഒഴിവ്.

* 670. [6] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

നെയ്യാറിൻകര–വിളവംകോട് കമ്മ്യൂണിറ്റി പ്രോജക്ടിൽ ഇപ്പോൾ എത്ര ഉദ്യോഗസ്ഥന്മാരുടെ ഒഴിവുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

മൂന്നുദ്യോഗസ്ഥന്മാരുടെ ഒഴിവുണ്ട്. അതു ഫില്ലപ്പു ചെയ്യുന്നതിനുള്ള ആക്ഷൻ എടുത്തിട്ടുണ്ട്.

ശ്രീ. പി. വിശ്വംഭരൻ : ഈ കമ്മ്യൂണിറ്റി പ്രോജക്ടുകളിലും ബ്ലോക്കുകളിലും ജോലിചെയ്യുന്ന ഉദ്യോഗസ്ഥന്മാരെ അവരുടെ പ്രവർത്തനകാലം അവസാനിക്കുന്നതിനുമുമ്പ് അവിടെനിന്നും സ്ഥലംമാറാതിരിക്കുന്ന ഒരു നയം സ്വീകരിക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ഉദ്ദേശിക്കുന്നുണ്ട്. കഴിയുന്നതും അങ്ങനെ നോക്കാം.

വർക്ക്സ് എസ്റ്റാബ്ലിഷ്മെൻറ് ജീവനക്കാർ.

* 671. [7] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. ഡബ്ലിയു. ഡി., വാട്ടർവർക്ക്സ്, ഡ്രെയിനേജ് എന്നീ ഡിപ്പാർട്ടുമെൻറുകളിലെ വർക്ക്സ് എസ്റ്റാബ്ലിഷ്മെൻറ് ജീവനക്കാരെ പെൻഷനബിൾ ജീവനക്കാരായി അംഗീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അവരുടെവല്ല നിവേദനവും ഇതിനകം ഗവണ്മെൻറിനു ലഭിക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെൻറ് അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഉണ്ട്.

(ബി) ഇതു ഗവണ്മെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ശ്രീധരൻ : വർക്ക് എസ്റ്റാബ്ലിഷ്മെൻറുകാർ ആകെ എത്രയുണ്ടെന്നു പറയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : 1145.

ശ്രീ. വി. ശ്രീധരൻ : ഗവണ്മെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്നു പറഞ്ഞു. ഈ പരിശോധന പൂർത്തിയാക്കുന്നതിന് എത്ര കാലതാമസം ഉണ്ടാകുമെന്നു പറയുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : എത്രയും പെട്ടെന്നുതന്നെ അതു സംബന്ധിച്ചുള്ള ഓർഡർ പാസ്സാക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദിവാകരൻ : ഈ വക്ക് എസ്റ്റാബ്ലിഷ്മെൻറുകാരെ പെൻഷണബിൾ ആക്കുന്ന കാര്യം ആലോചിച്ചു തുടങ്ങിയിട്ട് എത്ര നാളായി ?

ശ്രീ. കെ. ഐ. വേലായുധൻ : ഒന്നരണ്ടു കൊല്ലങ്ങൾ കഴിഞ്ഞിട്ടുള്ളതാണ്.

ശ്രീ. ടി. കെ. ദിവാകരൻ : പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഇതു സംബന്ധിച്ചു എന്തെങ്കിലും അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതിനു നോട്ടീസുവേണം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ വക്ക് എസ്റ്റാബ്ലിഷ്മെൻറിൽ കൊച്ചിവിഭാഗത്തിൽപ്പെട്ടവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : ഇല്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : എത്രകൊല്ലംവരെ സർവ്വീസുള്ള ആളുകൾ ഈ വിഭാഗത്തിലുണ്ട് ?

ശ്രീ. കെ. ഐ. വേലായുധൻ : പലരെക്കൊല്ലം സർവ്വീസുള്ള ആളുകൾ ഉണ്ട്.

ലോഹമണൽ സമ്പത്ത്.

* 672. [8] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള ലോഹമണൽ സമ്പത്ത് ഉപയോഗപ്പെടുത്തുവാൻ ഈ സർക്കാർ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ പൂർത്തിയാക്കുമോ ;

(ബി) യുറേനിയത്തിൻറെ അംശം വളരെ കൂടുതൽ അടങ്ങിയിട്ടുണ്ടെന്നു തെളിഞ്ഞിരിക്കുന്ന ആറാറിപ്രായിലെ ലോഹമണൽ സമ്പത്ത് ഉപയോഗപ്പെടുത്തുവാൻ വല്ല നിർദ്ദേശവും പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) അതെ

(ബി) ഇല്ല.

(സി) ആറാറിപ്രായിലെ ലോഹമണൽ സമ്പത്തു സംബന്ധിച്ചു കൂടുതൽ ഉണ്ടാകുമെന്നു അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു.

ശ്രീ. വി. ശ്രീധരൻ : അതുസംബന്ധിച്ചു പ്രാരംഭവേലകൾ നടന്നിട്ടുണ്ടെന്നു പറഞ്ഞു. അതിൻറെ ഫലമെന്താണെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവിടെ കൂടുതൽ അന്വേഷണം നടത്തണമെന്നു ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly